ശ്രീ. കെ. ടി. അച്യുതൻ : തീരുമാനിക്കപ്പെട്ടതിനെ ഒരു കാര്യത്തെപ്പറ്റിയും ആലോചിക്കാൻ നിവൃത്തിയില്ല. കളക്ടർ 22–ാം തീയതി കാൺഫറൻസു വച്ചപ്പോഴും ആരും ചെന്നില്ല. ഉടമസ്ഥന്മാരെ പുറത്തേക്കു വിട്ടുമില്ല. 27-ാം തീയതി കാൺഫറൻസ് കഴിയുമ്പോഴും ആരും ഹാജരാകാതെയിരുന്നതുകൊണ്ട് ഉടമസ്ഥന്മാർ ഫാക്ടറി ലാക്കൗട്ട് ചെയ്തു. അവിടെ മറുതരത്തിൽ യാതൊരു സമാധാന ലംഘനവും ഉണ്ടായിട്ടില്ല. ഡിസ്ട്രിക്ട് ലേബർ ആഫീസർ ഇടപെട്ടിട്ടുണ്ട്. കാര്യം ഇപ്പോഴും മിക്കവാറും തീരാനുള്ള നിലവന്നിട്ടുണ്ട്. റിപ്പോർട്ടുവന്നകഴിഞ്ഞിട്ടുണ്ട്. ഇതുകൊണ്ട് തീർന്നില്ലെങ്കിൽ ഞാൻതന്നെ നേരിട്ട് അതിനുവേണ്ട പരിഹാരമുണ്ടാക്കാൻ ശ്രമിക്കുന്നതാണ്.

ശ്രീ. ടി. സി. നാരായണൻനമ്പ്യാർ: ബഹുമാനപ്പെട്ട മന്ത്രിക്ക് മൂന്നു തൊഴിലാളികളും രാത്രി അപ്രത്യക്ഷരായി എന്നു കിട്ടിയിട്ടുള്ള റിപ്പോർട്ട് സത്യവിരുദ്ധമാണ്. കഴിഞ്ഞ 13 മാസമായി ബഹുമാനപ്പെട്ട ലേബർ മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഉണ്ടായിട്ടുള്ള തീരുമാനങ്ങളെ ഓരോന്നായി അവഗണിക്കുകയും, നടപ്പിൽവരുത്താതിരിക്കുകയുമാണ് ഉടമ ചെയ്തിട്ടുള്ളത്. ബഹുമാനപ്പെട്ട ലേബർ മിനിസ്റ്റർ ജനവരി 30-ാം തീയതി കാൺഫറൻസുവിളിച്ചുതന്നെ പണിമുടക്കിനുശേഷമാണ്. ആ പണിമുടക്കിൽ സജീവമായി പങ്കെടുത്തിട്ടുള്ളവരെ ഓരോന്നായി വിക്റ്റിമൈസ് ചെയ്യുന്ന ഏർപ്പാടാണ് ഫാക്ടറി ഉടമ സ്വീകരിച്ചിട്ടുള്ളത്. മൂന്നുപേർ അപ്രത്യക്ഷരായി എന്നുള്ളതു ശരിയല്ല. രാത്രി മലമൂത്രവിസർജനത്തിനു പോകാറുണ്ട്. അങ്ങനെ പോയിട്ട് അതല്ലെന്നു പറഞ്ഞു ഇങ്ങനെ സസ്പെൻഷൻ നടപടി എടുക്കുകയാണു ചെയ്തത്. 13 മാസമായി ലേബർ മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ എടുത്തിട്ടുള്ള തീരുമാനങ്ങളും നടപ്പിൽവരുത്താത്തത് പ്രാവർത്തികമാക്കുന്നതിനു ഒരു പണിമുടക്ക് നടത്തുന്നതിനും മറും സജീവമായി പങ്കെടുത്ത ഒരു പ്രവർത്തകനെയാണ് സസ്പെൻറു ചെയ്തിട്ടുള്ളത്. അതിൽ പ്രതിഷേധിച്ചാണ് തൊഴിലാളികളും സ്റ്റേ ഇൻ സ്ട്രൈക്ക നടത്തിയത്. മാനേജ്മെൻറിനെ പുറത്തു വിട്ടില്ലെന്നും മറും പറയുന്നതു ശരിയല്ല. അവിടെ 43 തൊഴിലാളികൾക്ക് പരിക്കുപറ്റിയിട്ടുണ്ട്. ഇവരെ പോലീസ് അടിക്കുകയും മറും ചെയ്തിട്ടുണ്ട് അവരിൽ പലരും ആശുപത്രിയിൽ പ്രവേശിച്ചിട്ടുണ്ട്. ഈ പരിതഃസ്ഥിതിയിൽ ഇതു സംബന്ധിച്ച് ഒരന്വേഷണം നടത്തി അവിടത്തെ തൊഴിലാളികളുടെ ആവശ്യങ്ങളും അനുവദിക്കുന്നതിനു ബഹുമാനപ്പെട്ട മന്ത്രി അടിയന്തിരമായ നടപടികളും എടുക്കുന്നതിനു പകരം ഒരു കൺസിലിയേഷൻ കാൺഫറൻസ് വിളിച്ചിട്ട് മാനേജ്മെൻറാണ് അതിൽ പങ്കെടുക്കാതിരുന്നിട്ടുള്ളത്. അങ്ങനെ ഗവണ്മെൻറിൻെറയും, ഡിപ്പാർട്ടുമെൻറിൻെറയും അനുരഞ്ജന നടപടികളിൽ സഹകരിക്കാതിരുന്നിട്ടുള്ളത് മാനേജ്മെൻറാണ്. അതുകൊണ്ട് ഇതുസംബന്ധിച്ച് വ്യക്തമായ ഒരു ചർച്ചനടത്തി ഒരു പോംവഴി കാണണമെന്നാണ് ഞാൻ അഭ്യർത്ഥിക്കുന്നത്.

Mr. Chairman: In the light of the reasons stated by me for withholding consent to the moving of an earlier Adjournment Motion, I withhold consent to the moving of this also. We have enough time to discuss about these matters during Budget discussion.

CALLING ATTENTION UNDER RULE 61.

Satyagraha by the Private Secondary School Teachers.

Mr. Chairman: Shri N. Gopala Kurup has given a notice under Rule 61. I call upon him to make the statement.

ശ്രീ. പി. എം. കുഞ്ഞുരാമൻനമ്പ്യാർ: ഞാനും ഒരു നോട്ടീസ് കൊടുത്തിട്ടുണ്ട്.

Mr. Chairman: That has been referred to the Minister concerned.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. എം. കുഞ്ഞുരാമൻ നമ്പ്യാർ: ഒരു വിഷയത്തിനു് രണ്ടുപേർ നോട്ടീസു കൊടുത്താൽ ഒരാളിന്റെ നോട്ടീസെടുക്കുന്നതു് എന്തടിസ്ഥാനത്തിലാണു് ?

Mr. Chairman: It has already been handed over to the hon. Minister. The earlier one received was from Shri Gopala Kurup and that is why he has been called to make the statement.

ശ്രീ. എൻ. ഗോപാലക്കുറുപ്പു്: 250-ഓളം പ്രൈവറ്റ് സ്കൂൾ അദ്ധ്യാപകർ ഇന്നലെ രാവിലെ 9 മണിക്കു് ഈ സെക്രട്ടറിയേറ്റിന്റെ മുൻവശത്തു് സത്യഗ്രഹം ആരംഭിച്ചിരിക്കുകയാണു്. എയിഡഡു് പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാരും, എയിഡഡു് സെക്കൻറിസ്കൂൾ അദ്ധ്യാപകന്മാരും എല്ലാംതന്നെ കഴിഞ്ഞ രണ്ടു മൂന്നുവർഷങ്ങളായി ഉന്നയിച്ചിരിക്കുന്ന പ്രശ്നങ്ങൾക്കു് പരിഹാരം കാണുന്നതിനു് നമ്മുടെ സംസ്ഥാനത്തു് പ്രവർത്തിച്ചുവരുന്ന മൂന്നു അദ്ധ്യാപകസംഘടനകളും യോജിച്ചു് ഗവണ്മെൻറിനു് ഒരു മെമ്മോറാണ്ടം കൊടുത്തു. ആ മെമ്മോറാണ്ടത്തെപ്പറ്റി ചർച്ച ചെയ്യുന്നതിനു് ഗവണ്മെൻറു് അതിലെ ഒരു സംഘടനയെ മാത്രമാണു് വിളിച്ചുവരുത്തി സംസാരിച്ചതു്. മാത്രമല്ല, ഒരു വിഭാഗത്തിന്റെ പ്രശ്നങ്ങളെക്കുറിച്ചുമാത്രമാണു് സംസാരിച്ചതു്. അങ്ങനെ ഒരു ഭാഗത്തെ അവഗണിച്ചുകൊണ്ടു് യോജിച്ചു് നൽകിയ മെമ്മോറാണ്ടത്തെപ്പറ്റി യോജിച്ചു ചർച്ചചെയ്യണമെന്നുള്ള സാമാന്യമര്യാദ കാണിക്കാതിരിക്കുകയും ചെയ്തു. അതുകൊണ്ടു് പ്രൈവറ്റ് സെക്കൻറിസ്കൂൾ അദ്ധ്യാപകന്മാരും ക്രാഫ്റ്റദ്ധ്യാപകന്മാരും സെക്രട്ടറിയേറ്റിന്റെ മുമ്പിൽ കൂട്ടസത്യാഗ്രഹം ആരംഭിച്ചിരിക്കുകയാണു്. 3 സംഘടനകളുടെ കൂട്ടായ മെമ്മോറാണ്ടം കിട്ടിയപ്പോഴും, ആ മൂന്നു സംഘടനകളുടെ പ്രതിനിധികളേയും വിളിച്ചുവരുത്തി ചർച്ച ചെയ്തു പ്രശ്നത്തിനു പരിഹാരം കാണാൻ മുഖ്യമന്ത്രി ശ്രമിക്കേണ്ടതായിരുന്നു. ഈ മെമ്മോറാണ്ടം കൊടുത്തതുതന്നെ ഈ നിയമസഭയിലെ ഏഴു മെമ്പറന്മാർവഴിയാണു്, യഥാർത്ഥത്തിൽ പ്രശ്നം പരിഹരിക്കുന്നതിനു് ഒരു നല്ല സമീപനം ഉണ്ടാകാത്തതുകൊണ്ടാണു് ഇന്നു് അദ്ധ്യാപകർക്കു് സത്യഗ്രഹത്തിനു പോകേണ്ടിവന്നതു്. ഒരു ഭാഗത്തെമാത്രംവിളിച്ചു ചർച്ചചെയ്തതു് ഒരു സംഘടനയെ മാത്രമെ ഗവണ്മെൻറു് അംഗീകരിച്ചിട്ടുള്ളു എന്ന നിലയിലാണു്. കേരള എഡ്യൂക്കേഷൻ റൂൾസു് അനുസരിച്ചു് അങ്ങനെയൊരു പ്രശ്നമേ വരുന്നില്ല. അതിൽ വളരെ വ്യക്തമായി ഇങ്ങനെ പറഞ്ഞിട്ടുണ്ടു്. "The teachers shall have the right to form themselves into Associations. Government may recognise them."

അവർക്കു് സംഘടിക്കാനും കാര്യം പറയാനുമുള്ള അവകാശം കൊടുത്തിട്ടുണ്ടെന്നു് ഇതിൽനിന്നു കാണാം. ഗവണ്മെൻറിനു് അവയെ അംഗീകരിക്കുകയോ, അംഗീകരിക്കാതിരിക്കുകയോ ചെയ്യാം. അങ്ങനെയുള്ള സംഘടനകളിൽനിന്നു് ഒരെണ്ണത്തിനെ താങ്ങിപ്പിടിച്ചു് പ്രത്യേകമായി അംഗീകാരം കൊടുത്തിട്ടുണ്ടെങ്കിൽ, ആ അംഗീകാരത്തിന്റെപേരിൽ പ്രത്യേകമായ എന്തെങ്കിലും പ്രിവിലേജു് ആ സംഘടനയ്ക്കു് കൊടുക്കുന്നതിൽ തെറ്റില്ല. എന്നാൽ, സംഘടിച്ചിട്ടുള്ള ഒരു വിഭാഗം മെമ്മോറാണ്ടം കൊടുത്താൽ അതു ശ്രദ്ധിക്കുകയില്ലെന്നും അവരോടു് സംസാരിക്കുകയില്ലെന്നും ഉള്ള നിലപാടു് ജനാധിപത്യവിരുദ്ധമാണു്. അത്തരം ഒരു നിലപാടാണു് മുഖ്യമന്ത്രി എടുത്തിട്ടുള്ളതു്. ഈ ജോയിൻറു് മെമ്മോറാണ്ടത്തിൽതന്നെ ഇന്നുള്ള സംഘടനകളെ അംഗീകരിക്കുന്ന കാര്യം പുനരാലോചിക്കേണ്ടതാണെന്നും പറഞ്ഞിട്ടുണ്ടു്. ആ സ്ഥിതിയിൽ എല്ലാ സംഘടനകളുടേയും പ്രതിനിധികളെ വിളിച്ചുവരുത്തി പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു ശ്രമിക്കാതെ ഏതെങ്കിലും ഒരു സംഘടനയ്ക്കു് പ്രത്യേകമായി എന്തെങ്കിലും ചെയ്യാനുള്ള പ്രവണത വാസ്തവത്തിൽ ഈ രാജ്യത്തെ അദ്ധ്യാപകരെ ഭിന്നിപ്പിക്കുന്നതിനും അവരുടെ അവകാശങ്ങളെ തകർക്കുന്നതിനും ബോധപൂർവ്വം എടുക്കുന്ന നടപടികളാണു്. അതിനു എതിരായി അദ്ധ്യാപകർ സമരരംഗത്തേക്കു വരികയാണു്. ബഹുമാനപ്പെട്ട മന്ത്രി കുറച്ചു ജനാധിപത്യപരമായ നടപടികളും അക്കാര്യത്തിൽ സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടു് ഞാൻ അവസാനിപ്പിക്കുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly

Mr. Chairman : The Chief Minister may reply.

Shri R. Sankar : Sir, I will answer to-morrow.

Delay in the sanctioning and disbursement of Scholarships to Muslim Girl Students

Mr. Chairman : A reply is due from the Chief Minister to a notice given by Smt. A. Nafeesath Beevi under Rule 61 on 27th February, 1964. The Minister can reply now.

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) : സർ, ശ്രീമതി നഫീസത്തുബീവി ഉന്നയിച്ച പ്രശ്നം മുസ്ലീം വിദ്യാർത്ഥിനികൾക്ക് ഇപ്പോൾ നൽകാൻ വ്യവസ്ഥയുള്ള സ്കോളർഷിപ്പ് സമയത്തിന് കിട്ടുന്നില്ലാ എന്നുള്ളതാണ്. സർ, ഇങ്ങനെ സ്കോളർഷിപ്പ് കൊടുക്കുന്നതിനുള്ള ഒരു വ്യവസ്ഥ പഴയ തിരുവിതാംകൂർ വിഭാഗത്തെ സംബന്ധിച്ചിടത്തോളം നിലവിലുണ്ട്. അപ്പർ പ്രൈമറി സ്കൂളിൽ പഠിക്കുന്ന പാവപ്പെട്ട മുസ്ലീം വിദ്യാർത്ഥിനികൾക്ക് മാസം 3 രൂപയും, ഹൈസ്കൂളുകളിൽ പഠിക്കുന്ന പാവപ്പെട്ട മുസ്ലീം വിദ്യാർത്ഥിനികൾക്ക് മാസം 5 രൂപയും സ്കോളർഷിപ്പ് കൊടുക്കണമെന്നുള്ളതാണ്. അതിലേക്ക് അവരുടെ രക്ഷകർത്താക്കൾക്കുള്ള വരുമാനം 900 രൂപയിൽ കവിയരുതെന്നുള്ള വ്യവസ്ഥയും ഉണ്ട്. ഇതു് ആണ്ടിന്റെ ആദ്യംതന്നെ ലഭിക്കാവുന്നതാണ്. എന്നാൽ എല്ലാകുട്ടികളും അങ്ങനെ സമയത്തിനു് അപേക്ഷിക്കുന്നതായി കാണുന്നില്ല. ഒരു ക്ലിപ്ത സമയത്തിനുള്ളിൽ ഇതിനുവേണ്ടി അപേക്ഷിച്ചിരിക്കണമെന്ന നിബന്ധനയുണ്ടെങ്കിലും അങ്ങനെ ചെയ്യാത്തതുകൊണ്ട് ഇങ്ങനെ അപേക്ഷിക്കുന്നതിനു് 6 മാസത്തെ താമസം വന്നാൽ അതു് കണ്ടോൺമെന്റ് ചെയ്യാൻ അദ്ധ്യാപകന്മാർക്ക് അധികാരം കൊടുത്തിട്ടുണ്ട്. അങ്ങനെ ആറു മാസത്തിനകം വരുന്ന അപേക്ഷകൾക്കുതന്നെ അതിന്റെകൂടെ ഉണ്ടായിരിക്കേണ്ട തഹശീൽദാരുടെ സർട്ടിഫിക്കറും മറ്റും സമയത്തിനു ലഭിക്കാത്തതുകൊണ്ട്, സമയത്തിനു് അപേക്ഷകൾ അനുവദിക്കാത്തതുമൂലം കുഴപ്പം ഉണ്ടാകാറുണ്ട്. ചിലപ്പോൾ നിയമപ്രകാരമുള്ള സർട്ടിഫിക്കറു് ആയിരിക്കയില്ല. അങ്ങനെയാണ് ഈ സ്കോളർഷിപ്പ് അനുവദിച്ചു കൊടുക്കുന്നതിൽ കാലതാമസം വരുന്നതു്. കുട്ടികൾക്ക് കഴിയുമെങ്കിൽ ആദ്യത്തെ മാസം മുതൽക്കുതന്നെ അനുവദിച്ചുകൊടുക്കാൻ ഗവണ്മെന്റിനു താൽപര്യമേയുള്ളൂ. എന്നാൽ തന്നെയും അപേക്ഷ ലഭിക്കുന്നതിനും തുടർന്നുള്ള അന്വേഷണത്തിനും എടുക്കേണ്ട ഏറ്റവും ചുരുങ്ങിയ സമയം ആവശ്യമായി വരും. രക്ഷകർത്താക്കൾ കുറച്ചുകൂടി താൽപര്യം കാണിക്കാൻ ശ്രമിച്ചാൽ ഗവണ്മെന്റിന്റെ കാലതാമസവും ഒഴിവാക്കാൻ കഴിയും. ഉദ്യോഗസ്ഥന്മാരുടെ ലവലിൽ കാലതാമസം വരാതിരിക്കാൻ പ്രത്യേകം ഏർപ്പാടു ചെയ്തിട്ടുണ്ട്. തുടർന്നും ഇനിയും ചെയ്യുന്നതാണ്. ഇത്രമാത്രമെ അതു സംബന്ധിച്ചു എനിക്കു പറയാനുള്ളൂ.

Financial Business

GENERAL DISCUSSION OF THE BUDGET

Mr. Chairman : Order, order. I have to make an announcement about the time allocation for the general discussion of the budget. Three days, viz., the 2nd, 3rd and 4th March 1964 have been allotted for the General discussion of the Budget. Based on the allocation of time for this discussion during the previous years, the time availab'e will be distributed among the different parties as below :

		Minutes
Congress Party (including the time for reply by Ministers).		240
Communist Party	..	240
P. S. P.	..	85
Muslim League	..	60
Independents	..	15
		640

LIBRARY ARCHIVES Kerala Legislative Assembly